Draft #1 of File 10528/AC A1-2/2025/AC A 1 Approved by Registrar on 16-Feb-2025 09:30 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല**

നമ്പർ 10528 /Ac A1-2/2025 /Ac A1 30.01 .2025

**പരിപത്രം**

| | |
|---|---|
| വിഷയം :- | ഉന്നത വിദ്യാഭ്യാസ വകുപ്പ് - സ്ത്രീകളുടേയും , ട്രാൻസ്ജൻഡറുകളുടെയും , കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി - 9 - മത് റിപ്പോർട്ട് - സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്:- |

സൂചന: നമ്പർ . K1/161/2024-HEDN തീയതി 15.08.2024 ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ (ഇ) നിന്നുള്ള കത്ത് .

സ്ത്രീകളുടേയും , ട്രാൻസ്ജൻഡറുകളുടെയും , കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ (2023-26) - 9 - മത് റിപ്പോർട്ടിലെ (2022 ജനുവരി ) മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതി പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ) ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 19 , ഖണ്ഡിക 22 എന്നിവയിലെ ശിപാർശകളിൽ നടപടി സ്വീകരിച്ച റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കണമെന്നാണ് മേൽ സർക്കാർ കത്തിൽ ആവശ്യപ്പെടുന്നത് . പ്രസ്തുത ഖണ്ഡികയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ട ശുപാർശകൾ ചുവടെ ചേർക്കുന്നു .

- സ്കൂൾ - കോളേജ് തലത്തിൽ വിദ്യാർത്ഥിനികൾക്കായി സ്വയം പ്രതിരോധ മുറകൾ അഭ്യസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി അദ്ധ്യാപക - രക്ഷാകർത്ത സംഘടനകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന പൊതു വിദ്യാഭ്യാസ , ഉന്നത വിദ്യാഭ്യാസ വകുപ്പുകളോട് സമിതി ശുപാർശ ചെയ്യുന്നു . കൂടാതെ സ്ത്രീകൾക്ക് പൊതുവായി സ്വയം പ്രതിരോധമുറകൾ അഭ്യസിക്കുന്നതിനായി സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുമായി സഹകരിച്ച് വനിത ശിശു വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു .
- സ്ത്രീധനമെന്ന സാമൂഹ്യ വിപത്തിനെതിരെ യുവതലമുറയെ ബോധവൽക്കരിക്കുന്നതിനായി ടോക്ക് ഷോ , ആർട്ട്ഫോം തുടങ്ങിയവ തയ്യാറാക്കി വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണമെന്ന് ശുപാർശ ചെയ്യുന്നു . കൂടാതെ കോളേജുകളിലും , സ്കൂളുകളിലും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ത്രീധന സമ്പ്രദായത്തിനെതിരെ വിദ്യാർത്ഥികൾക്ക് അവബോധം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് കോളേജ് തലത്തിൽ ശില്പശാലകൾ നടത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു .

മേൽ ശുപാർശകളിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിലേക്കായി നടപടികളുടെ റിപ്പോർട്ട് സർവകലാശാലക്ക് ലഭ്യമാക്കണമെന്ന് അറിയിക്കുന്നു .

<u>പകർപ്പ്</u>

1. അഫിലിയേറ്റഡ് കോളേജുകൾ/പഠന വകുപ്പുകൾ / സെന്ററുകൾ
2. വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ PS
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫിസർ എന്നിവരുടെ പി.എ.മാർ

4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )

5.പി.ആർ.ഒ./ഫ്രണ്ട് ഓഫീസ്/ ഐ.ക്യൂ.എ .സി / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / യൂണിവേഴ്സിറ്റി വെബ്സൈറ്റ്

6.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

Draft #1 of File 10528/AC A1-2/2025/AC A 1 Approved by Registrar on 16-Feb-2025 09:30 AM - Page 2